## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 116 04.06.2018 ൽ മറുപടിക്കുണ്ടായിരുന്നത്

### പോലീസ് വിട്ടയച്ചവരിൽ മരണപ്പെട്ടവർ

**ചോദ്യം**

ശ്രീ.അനിൽ അക്കര

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്രപേരെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെടുത്തിയ നിലയിലോ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ പേരുവിവരവും ഇവരെ ചോദ്യം ചെയ്തതിന് കാരണമായ കേസുകൾ സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വിവിധ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച ആരുംതന്നെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെടുത്തിയ നിലയിലോ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടില്ല. എന്നാൽ മകളെ ശല്യം ചെയ്തു എന്നുകാട്ടി നൽകപ്പെട്ട ഒരു പരാതിയിൽ പരാതികക്ഷിയേയും കുറ്റാരോപിതനായ രാംകുമാറിനേയും ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി പ്രശ്നം രമ്യമായി പരിഹരിച്ചിരുന്നു. ഇപ്രകാരം ഒരു സംഭവം ഉണ്ടായതിന്റെ മനോവിഷമത്തിൽ രാംകുമാർ എന്ന ആൾ ആത്മഹത്യ ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ